


അമൃതപുരി അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ആൻറ് സയൻസിൽ നടന്ന ശില്പശാല ഇൻഫോക്രിപ്റ്റിന്റെ സമാപന സമ്മേളനം കേന്ദ്രമന്ത്രി ഒ. രാജഗോപാൽ ഉദ്ഘാടനം ചെയ്യുന്നു

# അമൃത ഇൻസ്റ്റിറ്റ്യൂട്ടിലെ ത്രിദിന ദേശീയ ശിൽപശാല സമാപിച്ചു

**കൊല്ലം:** അമൃതപുരി അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ആൻറ് സയൻസിൽ (എ.ഐ.ടി.ഇ.സി.) മൂന്ന് ദിവസമായി നടന്നു വന്ന വിവരസുരക്ഷയെക്കുറിച്ചുള്ള ശിൽപശാല ഇൻഫോക്രിപ്റ്റ് 2003 ഞായറാഴ്ച സമാപിച്ചു. സമാപന ചടങ്ങ് കേന്ദ്രമന്ത്രി ഒ. രാജഗോപാൽ ഉദ്ഘാടനം ചെയ്തു. സ്ഥാപനത്തിന്റെ ആദ്ധ്യാത്മികതയിൽ ഊന്നിയുള്ള വിദ്യാഭ്യാസവും സ്ഥാപനത്തിലുള്ളവരുടെ അമ്മയുമായുള്ള ആത്മീയ ബന്ധവുമാണ് അമൃതാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പെരുമയ്ക്ക് കാരണമെന്ന് രാജഗോപാൽ പറഞ്ഞു. കഴിഞ്ഞ നൂറ്റാണ്ട് വികസിത രാജ്യങ്ങളുടേതായിരുന്നെങ്കിൽ 21-ാം നൂറ്റാണ്ട് ഭാരതത്തിന്റേതായിരിക്കും. ഇക്കാര്യത്തിൽ അമൃതാ സ്ഥാപനങ്ങൾക്ക് നേതൃത്വപരമായ പങ്ക് വഹിക്കാൻ കഴിയും എന്ന് അദ്ദേഹം പറഞ്ഞു.

ആത്മീയതയ്ക്ക് വേണ്ടത്ര പ്രാധാന്യം കൊടുക്കാത്തതാണ് നമ്മുടെ രാജ്യത്തിന്റെ പിന്നാക്കാവസ്ഥയ്ക്ക് കാരണം. ശാസ്ത്രവും ആത്മീയതയും ഏകോപിപ്പിച്ച് കൊണ്ടു പോകുകയാണെങ്കിൽ രാജ്യത്തിന്റെ വളർച്ച ത്വരിതപ്പെടും. ഓരോ രാജ്യത്തിനും തനതായ ഒരു സ്വഭാവമുണ്ടായിരിക്കും. ഭാരതത്തിന് അത് ആത്മീയതയാണ് എന്ന സ്വാമി വിവേകാനന്ദന്റെ വാക്കുകൾ അദ്ദേഹം അനുസ്മരിച്ചു. സൊസൈറ്റി ഓഫ് ഇലക്ട്രോണിക്സ് ട്രാൻസാക്ഷൻ ആൻഡ് സെക്യൂരിറ്റി (സെറ്റ്സ്) എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. എം. എസ്. വിജയരാഘവൻ. ഐടെക് കറസ്പോണ്ടന്റ് ബ്രഹ്മചാരി മനോജ് എന്നിവർ ആശംസ നേർന്നു. സമാപന ചടങ്ങിൽ ഐടെക് പ്രിൻസിപ്പൽ ഡോ: കെ.ശങ്കരൻ നന്ദി പറഞ്ഞു.